ദാമോദരൻ നായരെയും സഹോദരനേയും കൊലപ്പെടുത്തിയ സംഭവം

115 (116). ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി താലൂക്കിൽ ചേമഞ്ചേരിയിൽ ദാമോദരൻ നായരേയും സഹോദരനേയും 18-1-2001-ന് അജ്ഞാതർ കൊലപ്പെടുത്തിയ സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൊലപാതകികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) കൊലപാതകികളെ പിടിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരിച്ചറിഞ്ഞിട്ടില്ല.

(സി) പ്രതികളെ പിടികൂടാൻ ഒരു സ്പെഷ്യൽ സ്കാഡ് രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു.

ശ്രീ. പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ വാഹനം തടഞ്ഞ സംഭവം

116 (117). ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടായിരാമാണ്ടിൽ നാദാപുരത്തിന് സമീപം കല്ലാച്ചിയിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗ് പ്രസിഡന്റ് ശ്രീ. പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ വാഹനം തടഞ്ഞ സംഭവമുണ്ടായിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും കേസെടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിലെ പ്രതികൾ ആരെല്ലാമാണ് ;

(ഡി) അവരെ അറസ്റ്റു ചെയ്തിട്ടുണ്ടോ ;

(ഇ) 2000 നവംബറിൽ പടന്നയിലും ചെറുവത്തൂരിലും തൃക്കരിപ്പൂരും തളിപ്പറമ്പിലും പന്നിയൂരും വ്യാപകമായ അക്രമവും പകൽക്കൊള്ളയും നടന്നിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതു സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ;

(ജി) അതിലെ പ്രതികൾ ആരെല്ലാമാണ് ; അവരെ അറസ്റ്റ് ചെയ്തുവോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രീ. പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ വാഹനം തടഞ്ഞ സംഭവമുണ്ടായിട്ടില്ല.

(ബി-ഡി) ഉദിക്കുന്നില്ല.

(ഇ-ജി) ഈ മേഖലയിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. പ്രവർത്തകർ തമ്മിൽ സംഘട്ടനം നടന്നിട്ടുണ്ട്. ഇതോടനുബന്ധിച്ച് 35 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസന്വേഷണം നടന്നുവരുന്നു.

പോലീസ് സ്റ്റേഷനുകളിൽ ലഭിച്ച പരാതി

117 (118) ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ എത്ര പരാതികൾ കിട്ടി ; ഇവയിൽ എത്ര എണ്ണത്തിൻമേൽ നടപടിയെടുത്തു ; എത്രയെണ്ണം റഫർ ചെയ്തു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ 11,77,562 പരാതികൾ ലഭിച്ചിട്ടുണ്ട്. പരാതികൾ റഫർ ചെയ്യാറില്ല. അന്വേഷിച്ചു തീർപ്പു കൽപ്പിക്കുകയാണ് പതിവ്.

ശാരദ പാർവ്വതി കൊലക്കേസ്

118 (119) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ തിരുമാലി പഞ്ചായത്തിൽ പാലക്കോട്ട് ഹരിജൻ കോളനിയിലെ ശാരദ പാർവ്വതി കൊലക്കേസ് ക്രൈം ബ്രാഞ്ച് അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ കേസ് അന്വേഷണ ഘട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥന്മാർ റിപ്പോർട്ടിൽ തിരിമറി കാണിച്ചു എന്ന പേരിൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ ശിക്ഷ നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇവർക്ക് എന്ത് ശിക്ഷയാണ് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ കൊലപാതകത്തിന്റെ യഥാർത്ഥ പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് പരമാവധി ശിക്ഷ വാങ്ങിക്കൊടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly